# USER MANUAL-EXAMINER MODULE.

https://ncvtmis.gov.in/pages/home.aspx എന്ന URL ൽ MIS ന്റെ പബ്ലിക്ക് പോർട്ടൽ ലഭ്യമാകും.




Examiner Link ൽ എക്സാമിനർ രജിസ്ട്രേഷൻ ക്ലിക്ക് ചെയ്യുക




ലഭ്യമാകുന്ന Examiner Application Form ൽ എൻട്രി വരുത്തുക. ഈ Form എൻട്രി ചെയ്യുന്നതിന് മുമ്പ് അപേക്ഷകന്റെ .jpg, .jpeg, .png, .gif ഫോർമാറ്റിൽ 200KB യിൽ താഴെയുള്ള ഫോട്ടോഗ്രാഫിന്റെ സോഫ്റ്റ് കോപ്പി കരുതിയിരിക്കണം.







എൻട്രികൾ വരുത്തി ഫോട്ടോഗ്രാഫും അപ്‌ലോഡ് ചെയ്തതിന് ശേഷം NEXT Button ക്ലിക്ക് ചെയ്യുക.

ര□ ാമത്തെ പേജ് ദൃശ്യമാകും. ഇതിൽ Academic Qualification Details, Technical Qualification Details എന്നിവ രേഖപ്പെടുത്തുകയും ഇവയുടെ സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ്കോപ്പി അപ്‌ലോഡ് ചെയ്യുകയും വേണം.






എസ്.എസ്.എൽ.സി. യോഗ്യത Academic Qualification ആയി രേഖപ്പെടുത്തിയ ശേഷം മറ്റ് യോഗ്യതകൾ ചേർക്കാൻ Add Row എന്ന ഓപ്ഷൻ ഉപയോഗിക്കാം.

Grade, Percentage ഇവയിൽ ഏതെങ്കിലും ഒന്ന് രേഖപ്പെടുത്തിയാൽ മതിയാകും.

Experience ഉ□ ങ്കിൽ അതിന്റെ സോഫ്റ്റ് കോപ്പി അപ്ലോഡ് ചെയ്യേ□ താണ് (File Size Max. 2048 KB, Format .pdf, .jpg, .jpeg). ഇതിന് ശേഷം NEXT Button ക്ലിക്ക് ചെയ്യുക.




ദൃശ്യമാകുന്ന മൂന്നാമത്തെ പേജിൽ Location Preference, Trade Preference എന്നിവയാണ് രേഖപ്പെടുത്തേ□ ത്.

**<u>Location Preference</u>**:- ഉൾപ്പെടുത്താൻ ഒന്നാമത്തെ ചോയ്സ് ആയിട്ടുള്ള ജില്ല ഹൈലൈറ്റ് ചെയ്ത ശേഷം <u>*Select as 1st Preference*</u> എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. ഇതേ പ്രകാരം തന്നെ ര□ ും മൂന്നും ചോയ്സ് ഉൾപ്പെടുത്താം.

**<u>Trade Preference:-</u>** പ്രാക്ടിക്കൽ എക്സാമിനർ ആയി ഡ്യൂട്ടി നിർവ്വഹിക്കാൻ ആഗ്രഹിക്കുന്ന (എലിജിബിൾ ആയ) ഒന്നാമത്തെ ട്രേഡ് ഹൈലൈറ്റ് ചെയ്ത ശേഷം <u>*Select as 1st Preference*</u> എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ഒന്നാമത്തെ ചോയ്സും മറ്റ് ട്രേഡുകളിൽ എലിജിബിലിറ്റി ഉ□ ങ്കിൽ 2/3 ട്രേഡ് ചോയ്സും ഉൾപ്പെടുത്താം.




എംപ്ലോയ്മെന്റ് ടൈപ്പ് തെരഞ്ഞെടുക്കുക

എംപോയ്ഡ് കാറ്റഗറിയിൽ ഉൾപ്പെട്ടതാണെങ്കിൽ എംപ്ലോയറുടെ എൻ.ഒ.സി. ലഭ്യമായിട്ടു□ ന്ന വിവരം ചെക്ക് ബോക്സിൽ രേഖപ്പെടുത്തി Submit Button Click ചെയ്യുക.

രജിസ്ട്രേഷൻ പൂർത്തിയായതായി സൂചിപ്പിക്കുന്ന നാലാമത്തെ പേജ് ദൃശ്യമാകും



ഉൾപ്പെടുത്തിയ Mail id യിലേക്ക് അക്ടിവേഷൻ ലിങ്ക് ലഭിക്കും. മെയിൽ ഓപ്പൺ ചെയ്ത് DGT യിൽ നിന്ന് ലഭിച്ച മെയിലിലെ അക്ടിവേഷൻ ലിങ്ക് ക്ലിക്ക് ചെയ്യുക. Temporary Reference Number ലഭ്യമാകും. തുടർന്നുള്ള ആവശ്യങ്ങൾക്ക് ഈ നമ്പർ എഴുതി സൂക്ഷിക്കുക.









## <u>ജില്ലാ നോഡൽ ഓഫീസറുടെ ചുമതലകൾ</u>

ഒന്നാം ചോയ്സ് ആയി രജിസ്റ്റർ ചെയ്ത ജില്ലയിലെ നോഡൽ ഓഫീസർ Approver id ഉപയോഗിച്ച് Login ചെയ്ത് എക്സാമിനറുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ Verify ചെയ്ത് Examiner Link ൽ ഉള്ള ITI Examiner Mapping എന്ന Menu വിലെ Approve Button Click ചെയ്ത് റിമാർക്ക് ഉൾപ്പെടുത്തി Approval നടത്തുക.



യോഗ്യരല്ലെങ്കിൽ Reject ചെയ്യുന്നതിനും സാധിക്കും




രജിസ്ട്രേഷൻ നമ്പർ ക്ലിക്ക് ചെയ്യുമ്പോൾ Registration Details ദൃശ്യമാകും. അപ്‌ലോഡ് ചെയ്ത ഫയലുകൾ അതിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഒറിജിനൽ സർട്ടിഫിക്കറ്റുമായി ഒത്തു നോക്കി പരിശോധിക്കാവുന്നതാണ്. Approve/Reject ചെയ്യുമ്പോൾ രജിസ്ട്രേഷൻ നമ്പരിന് തൊട്ട് ഇടതുവശത്തുള്ള ചെക്ക് ബോക്സ് ടിക്ക് ചെയ്യാൻ ശ്രദ്ധിക്കുക.

എക്സാമിനറെ ട്രേഡ് ടെസ്റ്റിനോട് അനുബന്ധിച്ച് പോസ്റ്റിംഗ് നടത്തുന്നതിനുള്ള വിശദമായ ഗൈഡ് ലൈൻസ് ട്രേഡ് ടെസ്റ്റിനോട് അനുബന്ധിച്ച് നൽകുന്നതാണ്.